**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4630** **19-03-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങൾ എവിടെയൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ആകെ ചെലവഴിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വനമേഖലയോട് ചേർന്നു വരുന്ന എല്ലാ ജനവാസ പ്രദേശങ്ങളിലും വനത്തിലൂടെ കടന്നു പോകുന്ന പാതകളിലും മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതാണ്.<br>മാങ്കുളം ഡിവിഷനു കീഴിൽ കമ്പനിക്കുടി, ആനക്കുളം എന്നിവിടങ്ങളിലും ചാലക്കുടി പത്തയേറിലും കാസർ-ഗോഡ് ഡിവിഷനിലും എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതാണ്.<br>ചാലക്കുടി ഡിവിഷനിലെ തുമ്പൂർമുഴിയിൽ ഏർളി വാണിംഗ് സിസ്റ്റം ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.<br>വനമേഖലയോടു ചേർന്നുള്ള ജനവാസമേഖലകളിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ RRT ടീമുകൾ ആവശ്യമായ മുന്നറിയിപ്പുകൾ നേരിട്ടു നൽകിവരുന്നു.<br>മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യത കൂടുതലായിട്ടുള്ള പ്രദേശങ്ങളിൽ SMS അലെർട്ട് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്.<br>കാസറഗോഡ് ഡിവിഷനിൽ അനിഡേഴ്സ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഹൈ റെസല്യൂഷൻ തെർമൽ ക്യാമറയും വന്യമൃഗ സാന്നിദ്ധ്യം തിരിച്ചറിയാൻ ഉപയോഗിച്ചു വരുന്നു.<br>നോർത്ത് വയനാട്, കാസറഗോഡ് ഡിവിഷനുകളിൽ ക്യാമറ ട്രാപ്പുകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണവും മുന്നറിയിപ്പ് സംവിധാനവും ഏർപ്പെടു-ത്തിയിട്ടുണ്ട്.<br>സൗത്ത് വയനാട് ഡിവിഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡിജറ്റൽ സ്മാർട്ട് ഫെൻസ് സ്ഥാപിച്ചിട്ടുണ്ട്.<br>മൂന്നാർ ഡിവിഷനിലും സൗത്ത് വയനാട് ഡിവിഷ-നിലും തദ്ദേശവാസികളായ സന്നദ്ധപ്രവർത്തരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും വന്യമൃഗ സാന്നിദ്ധ്യത്തെക്കുറിച്ച് സമയോചിതമായ മുന്നറിയിപ്പുകൾ നൽകുന്നതുക- |

| | | | |
|---|---|---|---|
| | | | ടാതെ സന്ദർഭോചിതമായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യത നിലനിൽക്കുന്ന വനമേഖലയുമായി അതിർത്തി പങ്കിടുന്ന എല്ലാ പഞ്ചായത്തുകളിലും ഇത്തരം തെരഞ്ഞെടുത്ത തദ്ദേശീയ സന്നദ്ധ പ്രവർത്തകരുടെ പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചുവരുന്നു.<br>പേപ്പാറ വന്യജീവി സങ്കേതത്തിനു കീഴിൽ വരുന്ന പാണ്ടിപ്പത്ത്, നാച്ചിയാർമൊട്ട എന്നിവിടങ്ങളിൽ റിയൽടൈം മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.<br>വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷന സെന്ററും 36 ഡിവിഷനുകളിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും സ്ഥാപിക്കുകയും വന്യമൃഗ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികൾ ഏകോപിപ്പിക്കുയും നിരീക്ഷിക്കുകയും മുന്നറിയിപ്പ് ഉൾപ്പെടെയുള്ള ലഘൂകരണപ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്.<br>മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കുന്നതിലേക്കായി 95.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു. |
| (ബി) | ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണം വിശദമാക്കുമോ? | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനമേഖലയോടു ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുന്നറിയിപ്പ് സംവിധാനങ്ങളെ അവഗണിച്ചത് കാരണം അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ